മംഗളം

13 January 2017

# നോട്ട് നിരോധനം മത്സ്യമേഖലയെ സാരമായി ബാധിച്ചില്ലെന്നു പഠനം

കൊച്ചി: ആയിരത്തിന്റെയും അഞ്ഞൂറിന്റെയും നോട്ടുകൾ നിരോധിച്ചത് മത്സ്യമേഖലയെ സാരമായി ബാധിച്ചില്ലെന്ന് പഠനം. നോട്ട് നിരോധിച്ചശേഷമുള്ള ആദ്യത്തെ രണ്ടാഴ്ചയിൽ സംസ്ഥാനത്തെ മത്സ്യമേഖല കാര്യമായ പ്രതിസന്ധിയില്ലാതെ പിടിച്ചുനിന്നുവെന്ന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സി.എം.എഫ്.ആർ.ഐ) ഗവേഷകർ നടത്തിയ സാമൂഹിക സാമ്പത്തിക സർവേ ചൂണ്ടിക്കാണിക്കുന്നു.

എന്നാൽ, മത്സ്യ ഉപയോഗത്തിൽ 30 മുതൽ 40 ശതമാനം വരെ കുറവുണ്ടായെന്നും ഇതുമൂലം ചെറുകിട കച്ചവടക്കാർക്ക് തിരിച്ചടിയായെന്നും പഠനം വ്യക്തമാക്കുന്നു. സി.എം.എഫ്.ആർ.ഐയിലെ സാമൂഹിക സാമ്പത്തിക അവലോകന വിഭാഗത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ: ശ്യാം എസ്. സലീമിന്റെ നേതൃത്വത്തിലാണ് നോട്ട് നിരോധനം മത്സ്യമേഖലയെ എങ്ങനെ ബാധിച്ചുവെന്ന് പഠനം നടത്തിയത്.

ഇന്ധനം വാങ്ങുന്നതിന് പഴയ 500,1000 നോട്ടുകൾ ഉപയോഗിക്കാൻ അവസരം ലഭിച്ചതുകൊണ്ട് മത്സ്യബന്ധനത്തിൽ കുറവുണ്ടായില്ല. ഇടനിലക്കാരുടെ അവസരോചിതമായ ഇടപെടലാണ് മത്സ്യമേഖലയെ പ്രതിസന്ധിയിൽനിന്ന് രക്ഷിച്ചത്. മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാനുള്ള ചിലവ് വഹിച്ചത് ഈ മധ്യവർത്തികളാണ്. ചെക്കുകളുടെ ഉപയോഗവും വൈകിയുള്ള വിനിമയവും നിലവിലുള്ളതിനാൽ കയറ്റുമതിയിൽ പ്രശ്നങ്ങളുണ്ടായില്ല.

മറ്റ് മൂല്യവർധിത ഉൽപ്പന്നങ്ങൾക്ക് ഉപയോഗിക്കാമെന്നതിനാൽ മൊത്തവ്യാപാരികളും മത്സ്യം വാങ്ങി. എന്നാൽ, മത്സ്യ ഉപയോഗത്തിൽ കുറവ് വന്നത് ചെറുകിട മത്സ്യകച്ചവടക്കാരെ നോട്ട് നിരോധനം പ്രതിസന്ധിയിലാക്കി.

ബോട്ടുടമകൾ, മത്സ്യത്തൊഴിലാളികൾ, കയറ്റുമതിക്കാർ, മൊത്തവ്യാപാരികൾ, ചെറുകിട കച്ചവടക്കാർ, ഉപയോക്താക്കൾ എന്നീ വിഭാഗങ്ങളിൽ നിന്നുള്ള 200 പേരിലാണ് സി.എം.എഫ്.ആർ.ഐ ഗവേഷകർ സർവേ നടത്തിയത്.